# നോമ്പുകാലം

## വചന വിചിന്തനം

### നോമ്പുകാലം അഞ്ചാം ഞായർ

യോഹ 7,37-39; 8,12-20

"ക്രിസ്തു ലോകത്തിന്റെ പ്രകാശമാണ്. ക്രിസ്തുവിനെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും. ഇത് വചനം തരുന്ന ഉറപ്പാണ്. ആത്മപരിശോധനയ്ക്കുള്ള സമയമാണിത്; "ഞാൻ ചരിക്കുന്നത് അന്ധകാരത്തിലോ, അതോ, പ്രകാശത്തിലോ?""

"നിങ്ങളുടെ വിധി മാനുഷികമാണ്..." മാനുഷികവിധിയേക്കാൾ ദൈവീകവിധിക്ക് നിന്നുകൊടുക്കുക. അത് അനുഗ്രഹങ്ങൾ സമ്മാനിക്കും!

ക്രിസ്തു ജറുസലേം ദേവാലയത്തിൽ തിരുനാളിന് പോകുന്നു. വലിയ ജനാവലിയെ കണുമ്പോൾ പിതാവ് തന്നെ ഭരമേൽപ്പിച്ച ദൗത്യത്തെക്കുറിച്ച് ബോധവാനായ ക്രിസ്തു തിരുനാളിന്റെ അവസാനത്തെ മഹാദിനത്തിൽ യേശു എഴുന്നേറ്റുനിന്നു ശബ്ദമുയർത്തി ജനലക്ഷങ്ങളെ സാക്ഷിയാക്കിക്കൊണ്ട് പറയുകയാണ്;

"ആർക്കെങ്കിലും ദാഹിക്കുന്നെങ്കിൽ അവൻ എന്റെ അടുക്കൽ വന്നു കുടിക്കട്ടെ. എന്നിൽ വിശ്വസിക്കുന്നവന്റെ ഹൃദയത്തിൽനിന്ന്, വിശുദ്ധലിഖിതം പ്രസ്താവിക്കുന്നതു പോലെ, ജീവജലത്തിന്റെ അരുവികൾ ഒഴുകും" (യോഹ 7,38 –39).

"ഞാൻ ലോകത്തിന്റെ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവന്റെ പ്രകാശമുണ്ടായിരിക്കും" (യോഹ 8,120).

ക്രിസ്തു തന്റെ സ്വഭാവത്തെ വ്യാഖ്യാനിക്കുന്നതിന് ഉപയോഗിക്കുന്ന രണ്ട് ഉപമേയങ്ങളാണ് വചനഭാഗം. ഒന്ന്, ഞാൻ ജീവജലത്തിന്റെ അരുവിയാണ്. ദാഹിക്കുന്നവൻ എന്നിൽ നിന്ന് കുടിക്കട്ടെ. എന്നിൽ നിന്ന് കുടിക്കുന്നവന്റെ ഹൃദയത്തിൽ നിന്ന് ജീവജലത്തിന്റെ അരുവികൾ ഞാൻ ഒഴുകും. പുതിയനിയമത്തിലെ ക്രിസ്തു പറഞ്ഞ വാക്ക്യങ്ങളിൽ വച്ച് എനിക്ക് ഏറ്റവും ഇഷ്ടപ്പെട്ട വാക്ക്യങ്ങളിൽ ഒരു വാക്ക്യമാണിത്. ജീവിത്തിൽ എന്തെങ്കിലുമൊക്കെ നേടണമെന്ന് തോന്നുമ്പോൾ മനസ്സിൽ പറയുന്ന വാക്ക്യം.

"ആർക്കെങ്കിലും നന്മ ചെയ്യണമെങ്കിൽ അവൻ എന്റെ അടുക്കൽ നിന്നു പഠിക്കട്ടെ."

"ആർക്കെങ്കിലും വിശുദ്ധി സ്വന്തമാക്കണമെങ്കിൽ അവൻ എന്റെ അടുക്കൽ നിന്നു പഠിക്കട്ടെ."

"ആർക്കെങ്കിലും അനുഗ്രഹം ആവശ്യമുണ്ടെങ്കിൽ അവൻ എന്റെ അടുക്കൽ വരട്ടെ."

"ആർക്കെങ്കിലും നന്നായി പഠിക്കണമെങ്കിൽ അവൻ എന്റെ അടുക്കൽ വരട്ടെ."

"ആർക്കെങ്കിലും ജീവിതത്തിൽ വിജയം വേണമെങ്കിൽ അവൻ എന്റെ അടുക്കൽ വരട്ടെ."

"ആർക്കെങ്കിലും സമാധാനവും, സ്നേഹവും, കരുണയും, അനുകമ്പയും വേണമെങ്കിൽ അവൻ എന്റെ അടുക്കൽ വരട്ടെ."

എങ്കിൽ, ക്രിസ്തുവാണ് എന്തിന്റെയും അടിസ്ഥാനവും അവസാന വാക്കും. അവ

നിൽ ആശ്രയിച്ചവരാരും നിരാശനാകേണ്ടി വന്നിട്ടില്ല. ക്രിസ്തുവിൽ ആശ്രയിച്ചിട്ടുള്ളവരെയെല്ലാം ക്രിസ്തു ജീവജലത്തിന്റെ അരുവികൾകൊണ്ട് നിറച്ചിട്ടുണ്ട്. അങ്ങനെയെങ്കിൽ, ഞാൻ ആശ്രയം വയ്ക്കേണ്ട ഇടവും എന്റെ അഭയശിലയുമാക്കേണ്ട ഇടവും ക്രിസ്തു തന്നെയാണ്.

രണ്ടാമതായി തിരുന്നാളിന്റെ മഹാദിനത്തിൽ തന്നെ കേൾക്കുന്ന അനുവാചകരുടെ അടുത്ത്, തന്റെ സ്വഭാവത്തെ വ്യാഖ്യാനിക്കുന്നതിന് പറയുന്ന സത്യം; "ഞാൻ ലോകത്തിൻെറ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവൻെറ പ്രകാശമുണ്ടായിരിക്കും" (യോഹ 8,120). ആർഷഭാരതസംസ്കാരത്തിലെ ഋഷിവര്യൻമ്മാരുടെ പ്രധാനപ്രാർത്ഥനകളിലൊന്ന് ഇപ്രകാരമായിരുന്നു;

"തമസോമ ജോതിർഗമയഃ"

"അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേയ്ക്ക് നയിക്കണമേയെന്ന്..." ലോകചരിത്രത്തിൽ ഇന്നോളം ഒരു വ്യക്തിയും പറഞ്ഞിട്ടില്ലാത്ത കാര്യമാണ് ക്രിസ്തു പറയുന്നത്; ഞാനാണ് ലോകത്തിൻെറ പ്രകാശം. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവൻെറ പ്രകാശമുണ്ടായിരിക്കുമെന്ന്. ക്രിസ്തു പ്രകാശം താരാമെന്നോ, നീ പ്രകാശത്തിലാണെന്നോ, നിന്നിലേയ്ക്ക് പ്രകാശം എത്തുമെന്നോ ഒന്നുമല്ല ക്രിസ്തു പറയുന്നത്. മറിച്ച്, ക്രിസ്തു പറയുന്നത്, "ഞാൻ ലോകത്തിൻെറ പ്രകാശമാണ്. എന്നെ അനുഗമിക്കുന്നവൻ ഒരിക്കലും അന്ധകാരത്തിൽ നടക്കുകയില്ല. അവനു ജീവൻെറ പ്രകാശമുണ്ടായിരിക്കും." ഇതിന്റെ വ്യാഖ്യാനം; "ഞാൻ പ്രകാശത്തിലാണ്. എന്നിൽ പ്രകാശമുണ്ട്. നിനക്ക് പ്രകാശം വേണമെങ്കിൽ നീ എന്റെ അടുത്തേയ്ക്ക് വരിക. എന്നിൽ നിന്ന പ്രകാശം സ്വന്തമാക്കുക."

"എന്നെ അറിഞ്ഞിരുന്നുവെങ്കിൽ എൻെറ പിതാവിനെയും അറിയുമായിരുന്നു..." ക്രിസ്തുവിനെ സ്വന്തമാക്കുന്നവർ ദൈവത്തെയാണ് സ്വന്തമാക്കുന്നത്!

ചുരുക്കത്തിൽ, പ്രകാശത്തിന്റെ മക്കളെപ്പോലെ ജീവിക്കണമെങ്കിൽ നാം ചെന്നെത്തിനിൽക്കേണ്ട സ്ഥലം ക്രിസ്തുവിന്റെ തിരുമുറ്റത്താണ്. പലപ്പോഴും, പ്രകാശം സ്വന്തമാക്കണമെന്നും പ്രകാശത്തിന്റെ മക്കളെപ്പോലെ ജീവിക്കണമെന്നും നാം ആഗ്രഹിക്കാറുണ്ട്. പക്ഷെ, പ്രകാശം സ്വന്തമാക്കേണ്ട ഇടത്ത് തേടാതെ മറ്റ് പലയിടങ്ങളിലും പ്രകാശം സ്വന്തമാക്കാനായി നാം തേടികൊണ്ടിരിക്കുകയാണ്. ജീവിതത്തിന്റെ പരാജയം ആരംഭിക്കുന്നത് ഇവിടെയാണ്.

ഒരിക്കൽ ബിൽഗേറ്റ്സിനോട് സംസാരത്തിനിടയിൽ ഒരാൾ പറഞ്ഞു.

"ലോകത്ത് നിങ്ങളേക്കാൾ വലിയ പണക്കാരനില്ല!"

ഇത് കേട്ട ബിൽഗേറ്റ്സ് തന്റെയൊരു അനുഭവം വിവരിക്കാൻ തുടങ്ങി;

കുറച്ച് വർഷങ്ങൾക്ക് മുമ്പ് എന്നെജോലിയിൽനിന്ന് പിരിച്ച് വിട്ടസമയം, ന്യൂയോർക്ക് വിമാനതാവളത്തിൽ വച്ച് ഒരുന്യൂസ്പേപ്പർബോയിയെ കണ്ടു. ഹെഡ്ലൈൻ കണ്ടപ്പോൾ ഒരാഗ്രഹം, ഒരു ന്യൂസ്പേപ്പർവാങ്ങാം എന്ന് കരുതി അവനെ വിളിച്ചു. പക്ഷേ, എന്റെ കൈയ്യിൽ ചില്ലറതുട്ടുകൾ ഇല്ല. അത് കാരണം വേണ്ടാ എന്നു വച്ചു നടന്നു. എന്നാൽ, ആ കറുത്തവർഗക്കാരനായകുട്ടി എന്നെ വിളിച്ചിട്ട് ഒരുപത്രം എന്റെനേരേ നീട്ടി. "എന്റെ കൈയ്യിൽ ചില്ലറയില്ല" എന്ന് പറഞ്ഞപ്പോൾ "സാരമില്ല... ഇത് ഫ്രീയായി എടുത്തോളൂ" എന്ന് പറഞ്ഞ് എനിക്ക് തന്നു. മൂന്ന് മാസങ്ങൾക്കുശേഷം വീണ്ടും അതേ വിമാനതാവളത്തിൽ ഞാൻ ചെന്നു. വീണ്ടും പഴയതു പോലെ ഹെഡ്ലൈൻ കണ്ട് പത്രംവാങ്ങാൻ ആഗ്രഹം തോന്നി. പക്ഷെ, കൈയ്യിൽ ചില്ലറയില്ല. അതേപയ്യൻ വീണ്ടും ഫ്രീയായി പത്രംവച്ച് നീട്ടി. എനിക്ക് വാങ്ങാൻ മടി തോന്നി.

"എന്റെ ലാഭത്തിൽനിന്നുള്ളതാണ്... സാരമില്ല" എന്ന് പറഞ്ഞ് അവൻ നിർബന്ധിച്ച് തന്നു.

19 വർഷങ്ങൾക്ക്ശേഷം ഞാൻ പണക്കാരനായി. അതിനുശേഷം ഒരുദിവസം ആ പയ്യനെ കാണണം എന്ന ആഗ്രഹം എന്നിൽ ഉടലെടുത്തു. ഒന്നരമാസത്തെ

അന്വേഷണത്തിനൊടുവിൽ അവനെ കണ്ടുപിടിച്ചു. അവനോട് ഞാൻചോദിച്ചു;

"എന്നെ മനസ്സിലായോ?"

"മനസ്സിലായി സാർ. നിങ്ങൾ പ്രശസ്തനായ ബിൽഗേറ്റ്സ് അല്ലേ?"

''വർഷങ്ങൾക്കുമുമ്പ് നീ എനിക്ക് രണ്ട് പ്രാവശ്യം ന്യൂസ്പേപ്പർ ഫ്രീയായി തന്നിട്ടുള്ളത് നിനക്ക് ഓർമ്മയുണ്ടോ? പകരം, നിനക്ക് എന്തെങ്കിലും തരാൻ ഞാൻ ആഗ്രഹിക്കുന്നു. നിനക്ക് എന്തു വേണമെങ്കിലും ആവശ്യപ്പെടാം."

"നിങ്ങളെകൊണ്ട് അതിന് പകരം തരാൻ കഴിയില്ല സാർ..."

"ങേ അതെന്താ കാരണം...??"

"ഞാൻ പാവപ്പെട്ടവനായി ഇരുന്ന സമയത്ത് നിങ്ങൾക്ക് ഞാൻ തന്നു. എന്നാൽ, നിങ്ങൾ പണക്കാരൻ ആയതിനുശേഷം എനിക്ക് തരാൻ നിങ്ങൾ വന്നു. അപ്പോൾ, പാവപ്പെട്ടവനായ അവസ്ഥയിൽ ഞാൻ തന്നതും, എല്ലാം ഉണ്ടായതിന് ശേഷം താങ്കൾ തരുന്നതും പകരത്തിന് പകരമാകില്ല സാർ."

ഇത്രയും പറഞ്ഞുനിർത്തിയിട്ട് ബിൽഗേറ്റ്സ് താനാണ് ലോകത്തിലെ ഏറ്റവും വലിയ പണക്കാരൻ എന്നുപറഞ്ഞ ആളോട് പറഞ്ഞു;

"ഇനിപറയൂ, എന്നേക്കാൾ വലിയ പണക്കാരൻ ആ കറുത്തപയ്യനല്ലേ...??"

പ്രകാശത്തിന്റെ മക്കളെപ്പോലെ ജീവിക്കണം എന്ന് ആഗ്രഹിക്കുന്നവർക്ക് ഇതൊരു സൂചനയായിരിക്കണം. ദാനം നൽകാൻ നീ പണക്കാരനാകണമെന്നോ, പണക്കാരനാക്കുന്നതു വരെകാത്തിരിക്കണമെന്നോ ഇല്ല... സഹായം ചെയ്യണം എന്ന ഗുണത്തിന് സമയപരിതിയില്ല... പണക്കാരനെന്നോ, പാവപ്പെട്ടവനെന്നോ വേർതിരിവും ഇല്ല! പ്രകാശം സ്വന്തമാക്കിയവർക്കുമാത്രമെ പ്രകാശം സമ്മാനിക്കാൻ സാധിക്കുകയൊള്ളു. മറ്റുള്ളവർക്ക് പങ്കുവയ്ക്കാതെ ഞാൻ ജീവിക്കുന്നുണ്ടെങ്കിൽ എന്നിലെ പ്രകാശം എന്നിൽ തന്നെ അസ്തമിക്കുകയാണ്. പങ്കുവയ്ക്കപ്പെടാത്ത പ്രകാശം എന്നിലുണ്ടെങ്കിൽ ഞാൻ അന്ധകാരത്തിലാണ്. ക്രിസ്തുവിനെ അനുഗമിക്കുന്നവർ പ്രകാശത്തിന്റെ മകനും മകളുമായിരിക്കണം. അങ്ങനെയുള്ളവരെ നോക്കി ദൈവം തെരുവിൽ ഇപ്പോഴും അലഞ്ഞുകൊണ്ടിരിക്കുന്നു.

*ജീവജലത്തിന്റെ അരുവികൾ ക്രിസ്തുവിൽ വിശ്വസിക്കുന്നവർ സ്വീകരിക്കുന്ന ആത്മാവിനെപ്പറ്റിയുള്ള സൂചനയാണ്. ആത്മാവിനെ സ്വന്തമാക്കുന്നവൻ ജീവനെയാണ് സ്വന്തമാക്കുന്നത്.*

***"അഗ്നിയിൽ അകപ്പെട്ടവരെ പിടിച്ചുകയറ്റുവിൻ. മാംസദാഹത്താൽ കളങ്കിതരായവരുടെ വസ്ത്രത്തെപ്പോലും വെറുത്തുകൊണ്ട് ഭയത്തോടെ അവരോടു കരുണ കാണിക്കുവിൻ."***

യൂദാ 1:23

ഫാ. ജോബി മേനോത്ത്
+91 9447777931